**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വെ ജോലികൾ പൂർത്തിയാക്കിയ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇനിയും റീസർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; റീസർവ്വേ എന്നത്തേക്ക് പൂർത്തിയാക്കാമെന്നും, വൈകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് റീസർവ്വെ പൂർത്തിയാക്കാൻ ശേഷിക്കുന്ന 757 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവെ ജോലികൾ നിലവിൽ പുരോഗതിയിലാണ്. റീസർവ്വെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ റീസർവ്വെ ആരംഭിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനു വേണ്ടിയുള്ള പരസ്യം ചെയ്യൽ, നിലവിലെ റവന്യൂ റിക്കാർഡുകളുടെ കളക്ഷൻ, വില്ലേജ് ബൗണ്ടറി റിഫിക്സിംഗ്, ലൊക്കേഷൻ, ഡിമാർക്കേഷൻ, ഫീൽഡ് ഒബ്സർവേഷൻ, എഫ്.എം.ബി തയ്യാറാക്കൽ, റിക്കാർഡുകളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെ പ്രസ്തുത ജോലികൾ പൂർത്തീകരിച്ചതിനു ശേഷം സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം ഏറ്റവും കുറഞ്ഞത് ഒരു മാസക്കാലയളവിൽ പൊതുജനങ്ങൾക്ക് പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കുന്നതിനും ഇപ്രകാരം ലഭ്യമാകുന്ന ALC (Appeal Land Compliant) അപേക്ഷകളിൽ ആവശ്യമായവയിൽ ഫീൽഡ് പരിശോധന കൂടി നടത്തി പ്രസ്തുത മാറ്റങ്ങൾ വരുത്തിയ ഫൈനൽ റിക്കാർഡുകൾ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ ശേഷം റവന്യൂ ഭരണത്തിന് കൈമാറുന്നു. ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ |

| | | | |
|---|---|---|---|
| | | | നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം കൂടി വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീസർവ്വെ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | റീസർവ്വേ പ്രവർത്തനങ്ങൾക്ക് വേണ്ട സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്നും, ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (സി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കളക്ടേറ്റുകളുമായി ബന്ധപ്പെട്ട് രണ്ട് ജോയിന്റ് ഡയറക്ടർമാരേയും, മറ്റ് ജില്ലകളിൽ 12 സർവെ ഡെപ്യൂട്ടി ഡയറക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 14 ജില്ലാ സർവ്വെ സൂപ്രണ്ടുമാരും അതത് കളക്ടേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാരും മറ്റ് ജില്ലകളിൽ ഓരോ സർവെ അസിസ്റ്റന്റ് ഡയറക്ടർമാരും റീസർവ്വെ സംബന്ധിച്ച സാങ്കേതികവും, ഭരണപരവുമായ നിയന്ത്രണത്തിനായുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി സർവ്വെ സൂപ്രണ്ടുമാരും വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ സർവെ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനും മാപ്പിംഗ് ജോലികൾ നിർവഹിക്കുന്നതിനുമായി അസിസ്റ്റന്റ് ഡയറകടർമാരുടെ ചുമതലയിൽ തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സെൻട്രൽ സർവെ ഓഫീസും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാപ്പിംഗ് ഓഫീസുകളും നിലവിലുണ്ട്. റിക്കാർഡുകൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിനായി 14 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളും, തിരുവനന്തപുരം ആസ്ഥാനമായി ഒരു സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും നിലവിലുണ്ട്. പ്രസ്തുത സെന്ററുകളിൽ കമ്പ്യൂട്ടറുകളും, അനുബന്ധ ആധുനിക ഉപകരണങ്ങളും ഉപയോഗിച്ച് റീസർവെ റിക്കാർഡുകൾ ഡിജിറ്റൽ രീതിയിൽ തയ്യാറാക്കി പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖേന ലഭ്യമാക്കത്തവിധം റിക്കാർഡുകൾ തയ്യാറാക്കി വരുന്നു. സംസ്ഥാനമൊട്ടാകെയുള്ള പ്രസ്തുത |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളും, സൗകര്യങ്ങളും ഉപയോഗിച്ച് റീസർവ്വെ പ്രവർത്തനം നിർവഹിക്കുന്നു. സംസ്ഥാനത്തെ റീസർവെ പ്രവർത്തനങ്ങൾക്കായുള്ള അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുടെയും, സർവ്വെ സൂപ്രണ്ടാഫീസുകളുടെയും ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | റീസർവ്വേ പ്രവർത്തനങ്ങൾക്ക് വേണ്ട ചെലവ് എത്രയാണെന്നും, ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും , ഇതിനകം ഓരോ ജില്ലയും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ഡി) | റീസർവ്വെ പ്രവർത്തനങ്ങൾക്ക് വേണ്ട ചെലവ് എത്രയാണെന്ന് കൃത്യമായി ഓരോ വില്ലേജിനും മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല. നാളിതുവരെ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയും, പ്രസ്തുത ജില്ലകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | റീസർവ്വേ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ? | (ഇ) | ജില്ലകളിലെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ ഉള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വെ, പട്ടയ സർവ്വെ കൂടാതെ സർക്കാറിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കുമായി നിയോഗിക്കുന്നതിനാൽ റീസർവെ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നുണ്ട്. ആധുനിക സർവ്വെ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം കൂടി വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI) ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ റീസർവ്വെ ജോലികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 3,01,29,997 | 2,92,00,702 |
| 2 | കൊല്ലം | 1,14,34,541 | 1,04,34,541 |
| 3 | പത്തനംതിട്ട | 98,15,155 | 98,15,155 |
| 4 | ആലപ്പുഴ | 1,57,51,165 | 1,53,51,165 |
| 5 | കോട്ടയം | 3,48,29,715 | 3,39,54,555 |
| 6 | ഇടുക്കി | 5,78,02,946 | 5,43,02,945 |
| 7 | എറണാകുളം | 1,25,79,603 | 1,25,79,603 |
| 8 | തൃശ്ശൂർ | 3,29,17,985 | 3,18,17,985 |
| 9 | പാലക്കാട് | 1,46,77,590 | 1,04,31,646 |
| 10 | മലപ്പുറം | 3,23,40,963 | 3,15,40,963 |
| 11 | കോഴിക്കോട് | 2,03,90,483 | 1,93,90,483 |
| 12 | വയനാട് | 1,67,19,162 | 1,59,19,162 |
| 13 | കണ്ണൂർ | 2,80,38,556 | 2,68,38,556 |
| 14 | കാസർഗോഡ് | 4,38,17,789 | 4,28,17,789 |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

റീസർവെ പ്രവർത്തനങ്ങൾക്കായുള്ള ജില്ലകളിലെ ഓഫീസുകളുടെ വിവരം

| ക്രമ നം | ഓഫീസിന്റെ പേര് |
|---|---|
| **തിരുവനന്തപുരം** | |
| 1 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ തിരുവനന്തപുരം |
| 2 | റീസർവെസൂപ്രണ്ട്, തിരുവനന്തപുരം |
| 3 | റീസർവെ സൂപ്രണ്ട്, കഴക്കൂട്ടം |
| 4 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, നെയ്യാറ്റിൻകര |
| 5 | റീസർവെ സൂപ്രണ്ട്, നെടുമങ്ങാട് |
| 6 | റീസർവെ സൂപ്രണ്ട്, ആറ്റിങ്ങൽ |
| 7 | അസിസ്റ്റന്റ് ഡയറക്ടർ, സി.എസ്.ഒ |
| 8 | അസിസ്റ്റന്റ് ഡയറക്ടർ, മാപ്പിംഗ്, തിരുവനന്തപുരം |
| **കൊല്ലം** | |
| 9 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, കൊല്ലം |
| 10 | റീസർവെ സൂപ്രണ്ട്, കരുനാഗപ്പള്ളി |
| 11 | റീസർവെ സൂപ്രണ്ട്, പുനലൂർ |
| 12 | റീസർവെ സൂപ്രണ്ട്, അഞ്ചൽ |
| 13 | എ.എൽ.സി. സൂപ്രണ്ടാഫീസ്-കൊട്ടാരക്കര |
| **പത്തനംതിട്ട** | |
| 14 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ റെയ്ഞ്ച്, പത്തനംതിട്ട |
| 15 | റീസർവെ സൂപ്രണ്ട്, അടൂർ |
| 16 | റീസർവെ സൂപ്രണ്ട്, നം.1 പത്തനംതിട്ട |
| 17 | റീസർവെ സൂപ്രണ്ട്, നം. 2 പത്തനംതിട്ട |
| **ആലപ്പുഴ** | |
| 18 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, ചെങ്ങന്നൂർ |
| 19 | റീസർവെ സൂപ്രണ്ട്, കുട്ടനാട് |
| 20 | റീസർവെ സൂപ്രണ്ട്, ചേർത്തല |
| 21 | റീസർവെ സൂപ്രണ്ട്, ആലപ്പുഴ |
| 22 | എ.എൽ.സി. സൂപ്രണ്ടാഫീസ്-ഹരിപ്പാട് |
| **കോട്ടയം** | |
| 23 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, കോട്ടയം |
| 24 | റീസർവെ സൂപ്രണ്ട്, വൈക്കം |
| 25 | റീസർവെ സൂപ്രണ്ട്, പാലാ |
| 26 | റീസർവെ സൂപ്രണ്ട്, വൈക്കം-2 (ചങ്ങനാശ്ശേരി) |

| | |
|---|---|
| 27 | അസിസ്റ്റന്റ് ഡയറക്ടർ, മാപ്പിംഗ്, കോട്ടയം |
| **ഇടുക്കി** | |
| 28 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, തൊടുപുഴ |
| 29 | റീസർവെ സൂപ്രണ്ട്, പീരുമേട് |
| 30 | റീസർവെ സൂപ്രണ്ട്, തൊടുപുഴ |
| 31 | റീസർവെ സൂപ്രണ്ട്, നെടുങ്കണ്ടം |
| 32 | എ.എൽ.സി. സൂപ്രണ്ടാഫീസ്–നെടുംങ്കണ്ടം |
| 33 | റീസർവെ സൂപ്രണ്ട്,എൽ .എ , രാജാക്കാട് |
| 34 | റീസർവെ സൂപ്രണ്ട്, എൽ.എ ,ബഥേൽ |
| 35 | എ.എൽ.സി. സൂപ്രണ്ടാഫീസ്- ദേവികുളം |
| **എറണാകുളം** | |
| 36 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ–തൃക്കാക്കര |
| 37 | റീസർവെ സൂപ്രണ്ട്, ആലുവ |
| 38 | റീസർവെ സൂപ്രണ്ട്, തൃപ്പൂണിത്തുറ |
| 39 | റീസർവെ സൂപ്രണ്ട്, എറണാകുളം |
| **തൃശ്ശൂർ** | |
| 40 | അസിസ്റ്റന്റ് ഡയറക്ടർ, റെയ്ഞ്ച്, തൃശ്ശൂർ |
| 41 | റീസർവെ സൂപ്രണ്ട്, റെയ്ഞ്ച്, വടക്കാഞ്ചേരി |
| 42 | റീസർവെ സൂപ്രണ്ട്, തൃശ്ശൂർ |
| 43 | റീസർവെ സൂപ്രണ്ട്, ചേർപ്പ് |
| 44 | അസിസ്റ്റന്റ് ഡയറക്ടർ, മാപ്പിംഗ്, തൃശ്ശൂർ |
| **പാലക്കാട്** | |
| 45 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ- പാലക്കാട് |
| 46 | റീസർവെ സൂപ്രണ്ട്, ഒറ്റപ്പാലം |
| 47 | റീസർവെ സൂപ്രണ്ട്, പാലക്കാട് |
| 48 | റീസർവെ സൂപ്രണ്ട്, പട്ടാമ്പി |
| **മലപ്പുറം** | |
| 49 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, മലപ്പുറം |
| 50 | റീസർവെ സൂപ്രണ്ട്, തിരൂർ |
| 51 | റീസർവെ സൂപ്രണ്ട്, മഞ്ചേരി |
| 52 | റീസർവെ സൂപ്രണ്ട്, നിലമ്പൂർ |
| **കോഴിക്കോട്** | |
| 53 | അസിസ്റ്റന്റ് ഡയറക്ടർ, റെയ്ഞ്ച്, കോഴിക്കോട് |
| 54 | റീസർവെ സൂപ്രണ്ട്, വടകര |
| 55 | റീസർവെ സൂപ്രണ്ട്, കോഴിക്കോട് |
| **വയനാട്** | |
| 56 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, മാനന്തവാടി |
| 57 | റീസർവെ സൂപ്രണ്ട്, മാനന്തവാടി |

| | |
|---|---|
| 58 | റീസർവെ സൂപ്രണ്ട്, സുൽത്താൻബത്തേരി |
| **കണ്ണൂർ** | |
| 59 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, കണ്ണൂർ |
| 60 | റീസർവെ സൂപ്രണ്ട്, ശ്രീകണ്ഠപുരം |
| 61 | റീസർവെ സൂപ്രണ്ട്, തളിപ്പറമ്പ് |
| 62 | റീസർവെ സൂപ്രണ്ട്, പയ്യന്നൂർ |
| **കാസർഗോഡ്** | |
| 63 | അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ, കാസർഗോഡ് |
| 64 | റീസർവെ സൂപ്രണ്ട്, കാസർഗോഡ് നം 1 |
| 65 | റീസർവെ സൂപ്രണ്ട്, കുമ്പള |
| 66 | റീസർവെ സൂപ്രണ്ട്, മഞ്ചേശ്വരം |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്രമ നമ്പർ | ജില്ല | താലൂക്ക് | ആകെ വില്ലേജുകളുടെ എണ്ണം | നാളിതുവരെ കൈമാറിയ വില്ലേജുകൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | നെയ്യാറ്റിൻകര | 21 | 21 |
| 2 | തിരുവനന്തപുരം | തിരുവനന്തപുരം | 31 | 28 |
| 3 | തിരുവനന്തപുരം | നെടുമങ്ങാട് | 25 | 20 |
| 4 | തിരുവനന്തപുരം | ചിറയിൻകീഴ് | 22 | 20 |
| 5 | തിരുവനന്തപുരം | വർക്കല | 12 | 12 |
| 6 | തിരുവനന്തപുരം | കാട്ടാക്കട | 13 | 13 |
| | ആകെ | | **124** | **114** |
| 7 | കൊല്ലം | കൊല്ലം | 31 | 31 |
| 8 | കൊല്ലം | കൊട്ടാരക്കര | 27 | 27 |
| 9 | കൊല്ലം | കരുനാഗപ്പള്ളി | 17 | 17 |
| 10 | കൊല്ലം | കുന്നത്തൂർ | 7 | 7 |
| 11 | കൊല്ലം | പത്തനാപുരം | 8 | 3 |
| 12 | കൊല്ലം | പുനലൂർ | 15 | 3 |
| | ആകെ | | **105** | **88** |
| 13 | പത്തനംതിട്ട | കോഴഞ്ചേരി | 11 | 9 |
| 14 | പത്തനംതിട്ട | അടൂർ | 14 | 14 |
| 15 | പത്തനംതിട്ട | മല്ലപ്പള്ളി | 9 | 9 |
| 16 | പത്തനംതിട്ട | റാന്നി | 10 | 6 |
| 17 | പത്തനംതിട്ട | തിരുവല്ല | 12 | 12 |
| 18 | പത്തനംതിട്ട | കോന്നി | 14 | 9 |
| | ആകെ | | **70** | **59** |
| 19 | ആലപ്പുഴ | അമ്പലപ്പുഴ | 14 | 14 |
| 20 | ആലപ്പുഴ | കാർത്തികപ്പള്ളി | 18 | 18 |
| 21 | ആലപ്പുഴ | ചെങ്ങന്നൂർ | 11 | 11 |
| 22 | ആലപ്പുഴ | മാവേലിക്കര | 15 | 15 |
| 23 | ആലപ്പുഴ | കുട്ടനാട് | 14 | 11 |
| 24 | ആലപ്പുഴ | ചേർത്തല | 21 | 7 |
| | | ആകെ | **93** | **76** |
| 25 | കോട്ടയം | ചങ്ങനാശ്ശേരി | 15 | 15 |
| 26 | കോട്ടയം | വൈക്കം | 18 | 6 |
| 27 | കോട്ടയം | മീനച്ചിൽ | 28 | 28 |
| 28 | കോട്ടയം | കോട്ടയം | 26 | 26 |
| 29 | കോട്ടയം | കാഞ്ഞിരപ്പള്ളി | 13 | 13 |

| | | | | |
|---|---|---|---|---|
| | ആകെ | | **100** | **88** |
| 30 | ഇടുക്കി | പീരുമേട് | 10 | 0 |
| 31 | ഇടുക്കി | ഉടുമ്പൻചോല | 18 | 6 |
| 32 | ഇടുക്കി | തൊടുപുഴ | 17 | 16 |
| 33 | ഇടുക്കി | ദേവികുളം | 14 | 11 |
| 34 | ഇടുക്കി | ഇടുക്കി | 9 | 5 |
| | ആകെ | | **68** | **38** |
| 35 | എറണാകുളം | ആലുവ | 20 | 20 |
| 36 | എറണാകുളം | പറവൂർ | 13 | 2 |
| 37 | എറണാകുളം | മുവാറ്റുപുഴ | 18 | 0 |
| 38 | എറണാകുളം | കോതമംഗലം | 13 | 1 |
| 39 | എറണാകുളം | കൊച്ചി | 15 | 8 |
| 40 | എറണാകുളം | കണയന്നൂർ | 25 | 21 |
| 41 | എറണാകുളം | കുന്നത്തുനാട് | 23 | 23 |
| | ആകെ | | **127** | **75** |
| 42 | തൃശ്ശൂർ | തൃശ്ശൂർ | 74 | 38 |
| 43 | തൃശ്ശൂർ | തലപ്പിള്ളി | 45 | 21 |
| 44 | തൃശ്ശൂർ | മുകുന്ദപുരം | 29 | 0 |
| 45 | തൃശ്ശൂർ | ചാവക്കാട് | 29 | 0 |
| 46 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | 18 | 0 |
| 47 | തൃശ്ശൂർ | ചാലക്കുടി | 31 | 0 |
| 48 | തൃശ്ശൂർ | കുന്നംകുളം | 29 | 13 |
| | ആകെ | | **255** | **72** |
| 49 | പാലക്കാട് | ഒറ്റപ്പാലം | 24 | 17 |
| 50 | പാലക്കാട് | മണ്ണാർക്കാട് | 25 | 1 |
| 51 | പാലക്കാട് | പാലക്കാട് | 30 | 28 |
| 52 | പാലക്കാട് | ആലത്തൂർ | 30 | 30 |
| 53 | പാലക്കാട് | ചിറ്റൂർ | 30 | 30 |
| 54 | പാലക്കാട് | പട്ടാമ്പി | 18 | 9 |
| | ആകെ | | **157** | **115** |
| 55 | മലപ്പുറം | തിരൂരങ്ങാടി | 17 | 8 |
| 56 | മലപ്പുറം | തിരൂർ | 30 | 4 |
| 57 | മലപ്പുറം | ഏറനാട് | 23 | 19 |
| 58 | മലപ്പുറം | പെരിന്തൽമണ്ണ | 24 | 0 |
| 59 | മലപ്പുറം | പൊന്നാനി | 11 | 0 |
| 60 | മലപ്പുറം | നിലമ്പൂർ | 21 | 14 |
| 61 | മലപ്പുറം | കോണ്ടോട്ടി | 12 | 12 |
| | ആകെ | | **138** | **57** |
| 62 | കോഴിക്കോട് | കോഴിക്കോട് | 39 | 0 |

| | | | | |
|---|---|---|---|---|
| 63 | കോഴിക്കോട് | വടകര | 28 | 14 |
| 64 | കോഴിക്കോട് | കൊയിലാണ്ടി | 31 | 3 |
| 65 | കോഴിക്കോട് | താമരശ്ശേരി | 20 | 0 |
| | ആകെ | | **118** | **17** |
| 66 | വയനാട് | മാനന്തവാടി | 16 | 7 |
| 67 | വയനാട് | വൈത്തിരി | 18 | 18 |
| 68 | വയനാട് | സുൽത്താൻബത്തേരി | 15 | 11 |
| | ആകെ | | **49** | **36** |
| 69 | കണ്ണൂർ | കണ്ണൂർ | 28 | 0 |
| 70 | കണ്ണൂർ | തലശ്ശേരി | 35 | 0 |
| 71 | കണ്ണൂർ | തളിപ്പറമ്പ് (Inciuding Desam) | 28 | 39 (ദേശം/വില്ലേജ്) |
| 72 | കണ്ണൂർ | ഇരിട്ടി | 20 | 1 |
| 73 | കണ്ണൂർ | പയ്യന്നൂർ | 22 | 10 |
| | ആകെ | | **133** | **50** |
| 74 | കാസർഗോഡ് | കാസർഗോഡ് | 34 | 5 |
| 75 | കാസർഗോഡ് | ഹോസ്ദുർഗ് | 32 | 11 |
| 76 | കാസർഗോഡ് | മഞ്ചേശ്വരം | 48 | 8 |
| 77 | കാസർഗോഡ് | വെള്ളരിക്കുണ്ട് | 15 | 0 |
| | ആകെ | | **129** | **24** |
| | | | **1666** | **909** |